No. 270/2017

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
# വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരിശുദ്ധ സഭയുടെ ജീവനും ചൈതന്യവും അഭിവൃദ്ധിയും കുടികൊള്ളുന്നത് പുണ്യമുള്ള പിതാക്കന്മാർ ചിട്ടപ്പെടുത്തിയ അർത്ഥസമ്പുഷ്ടവും പരിശുദ്ധാത്മ ചൈതന്യം നിറഞ്ഞതുമായ കൂദാശകളിലും ആരാധനകളിലും ആണല്ലോ. ആരാധനാസംഗീതത്തിന് പരിശുദ്ധ സഭയുടെ അനുഗ്രഹീതമായ ആരാധനകളിൽ അതുല്യമായ സ്ഥാനമുണ്ട് എന്നുള്ളത് പ്രത്യേകം നാം എടുത്തുപറയേണ്ടതില്ല. ആരാധനാസംഗീതത്തെ പരിപോഷിപ്പിക്കുന്നതിനും, പരിശീലനത്തിനും നിർവ്വഹിക്കുന്നതിനും, ഗായകസംഘങ്ങളുടെ രൂപീകരണവും നിയന്ത്രണവും നിർവ്വഹിക്കുന്നതിനുമായി പ്രവർത്തിച്ചു വരുന്ന സഭാ സ്ഥാപനമാണ് 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക്'. നമ്മുടെ കോട്ടയം വൈദിക സെമിനാരിയുടെ പ്രധാന നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ഡയറക്ടർ നമ്മുടെ അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായാണ്. മലങ്കര ഓർത്തഡോക്സ് സഭയിലെ എല്ലാ ഗായകസംഘങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും ശ്രുതിയുടെ ചുമതലയിൽ ആകയാൽ പരിശുദ്ധ സഭയിലെ എല്ലാ ഗായകസംഘങ്ങളും ശ്രുതി സ്കൂളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഗായകസംഘങ്ങൾക്ക് ശ്രുതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം അംഗീകാരം നേടാത്ത ഗായകസംഘങ്ങൾക്ക് ശുശ്രൂഷാവേളകളിൽ ആരാധനാ ഗീതങ്ങൾ ആലപിക്കുന്നതിനോ നേതൃത്വം നൽകുന്നതിനോ അനുവാദമുണ്ടായിരിക്കുന്നതല്ല എന്നുള്ള മുൻതീരുമാനം വീണ്ടും നാം ഓർമ്മിപ്പിക്കുന്നു.

എല്ലാവർഷവും നടത്തിവരുന്ന ഗായകസംഘ സംഗമം ഈ വർഷം "സ്മർ ശുബ്ഹോ-2017" എന്ന പേരിൽ 2017 ഒക്ടോബർ മാസം 28-ാം തീയതി ശനിയാഴ്ച നമ്മുടെ കോട്ടയം പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വച്ച് നടത്തപ്പെടുന്നു. വിശുദ്ധ കുർബ്ബാനയോടു കൂടി ആരംഭിക്കുന്നതും ഉച്ചകഴിഞ്ഞ് 3 മണി വരെ നീണ്ടു നിൽക്കുന്നതുമായ പ്രസ്തുത സംഗമത്തിൽ ആരാധനാ ഗീതങ്ങൾ ആലപിക്കുന്നതുസംബന്ധിച്ചും ശബ്ദനിയന്ത്രണം സംബന്ധിച്ചും മറ്റുമുള്ള ക്ലാസ്സുകളും പഠനങ്ങളും ചർച്ചകളും നടത്തപ്പെടുന്നതാണ്. അഭിവന്ദ്യരായ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ, ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ, വൈദികസെമിനാരി പ്രിൻസിപ്പൽ ഡോ. ഓ. തോമസ് കത്തനാർ, ഡോ. എം. പി. ജോർജ്ജ് കത്തനാർ എന്നിവർ നേതൃത്വം നൽകുന്ന ഈ സംഗമത്തിൽ സംഗീതലോകത്തെ പ്രമുഖ വ്യക്തികളും പങ്കെടുക്കും. നമ്മുടെ ഇടവകകളിൽ പ്രവർത്തിക്കുന്ന ഗായകസംഘങ്ങളും സഭയിലെ ഇതര ഗായകസംഘങ്ങളും ഈ സംഗമത്തിൽ നിർബ്ബന്ധമായും പങ്കെടുക്കണം. വിശദമായ പ്രോഗ്രാം നോട്ടീസ് ശ്രുതി സംഗീത വിദ്യാലയത്തിന്റെ ചുമതലക്കാർ അയച്ചുതരുന്നതാണ്. ശ്രുതിയുടെ വെബ്സൈറ്റിൽ നിന്നും (srutimusic.org) കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും യൽദോ മാർ ബസേലിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 സെപ്റ്റംബർ മാസം 30-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.